സിംപോസിയം

# 3. ശരീഅത്ത് നിയമം ചില വസ്തുതകൾ

ടി. ഇസ്ഹാഖലി (ശാന്തപുരം)

**ശരീഅത്തിനെക്കുറിച്ച്** വിശദമായി ഒരു ചർച്ച നടത്താൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. ശരീഅത്തിനെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ധാരണയിലുണ്ടായിരിക്കേണ്ട പ്രധാന വസ്തുതകളിൽ ചിലത് ചൂണ്ടിക്കാണിക്കാനേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

## എന്താണ് ശരീഅത്ത്

ഇസ്‌ലാമിന്റെ ഭാഷയിൽ പറഞ്ഞാൽ, മനുഷ്യനും ദൈവവും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലുമുള്ള എല്ലാ ബന്ധങ്ങളെയും നിയന്ത്രിച്ച് ചിട്ടപ്പെടുത്തി അതുമുഖേന മനുഷ്യർക്ക് വിജയവും സൗഭാഗ്യവും പ്രദാനം ചെയ്യാൻ വേണ്ടി അല്ലാഹു നൽകിയ നിയമനിർദേശങ്ങളാണ് ശരീഅത്ത്. മനുഷ്യന്റെ വിചാരം, സംസാരം, പ്രവൃത്തി എന്നിവ ഏത് മണ്ഡലത്തിലായാലും രഹസ്യമായാലും പരസ്യമായാലും വ്യക്തിയോടോ സമൂഹത്തോടോ പ്രപഞ്ചത്തോടോ ദൈവത്തോടോ ബന്ധപ്പെട്ടതായാലും അവയെക്കുറിച്ചെല്ലാം ശരീഅത്തിൽ വിധിയുണ്ട്. ഒന്നുകിൽ നിർബന്ധമാണ്; അല്ലെങ്കിൽ നിഷിദ്ധമാണ്. നല്ലതാണ്; അല്ലെങ്കിൽ ചീത്തയാണ്. അതുമല്ലെങ്കിൽ വിരോധമില്ല. ഇങ്ങനെ ഏതെങ്കിലും ശരീഅത്ത് വിധിയില്ലാത്ത ഒരു കാര്യവും മനുഷ്യജീവിതത്തിലില്ല.

അതിന്നു പുറമെ ചില പ്രത്യേക കാര്യങ്ങൾ നിർബന്ധമായി സ്വീകരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യണമെന്നും മറ്റു ചിലത് നിർബന്ധമല്ലെങ്കിലും സ്വീകരിക്കേണ്ടതാണെന്നും ശരീഅത്ത് വിധിച്ചിട്ടുണ്ട്. അവ ഇന്ന വിധത്തിലാവണമെന്നും ഇന്ന വിധത്തിലാവാൻ പാടില്ലെന്നും ശരീഅത്തിൽ വ്യവസ്ഥയുണ്ട്.

ചുരുക്കത്തിൽ ഇസ്‌ലാം അവതരിക്കുന്നതിനു മുമ്പ് തന്നെ മനുഷ്യൻ നിർവഹിച്ചിരുന്ന കാര്യങ്ങളെല്ലാം നിയമം മുഖേന നിയന്ത്രിച്ച് വ്യവസ്ഥപ്പെടുത്തുകയും, ഇസ്‌ലാം മുഖേന ചില പ്രത്യേക കാര്യങ്ങൾ പ്രത്യേക രൂപത്തിൽ നിർവഹിക്കാൻ കൽപിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അസൂയയും അഹങ്കാരവും നിഷിദ്ധമാണ്. കർമ്മങ്ങൾക്ക് സദുദ്ദേശ്യം വേണം. സത്യം പറയണം. കളവും പരദൂഷണവും അരുത്. കച്ചവടം ആവാം. പലിശയരുത് എന്നിവയെല്ലാം ഒന്നാം ഇനത്തിൽ ഉൾപ്പെടുന്നു. നമസ്കാരവും നോമ്പും നിർബന്ധമാണെന്നും അവ ഇന്ന വിധം നിർവഹിക്കണമെന്നും മറ്റുമുള്ള കല്പനകൾ രണ്ടാം ഇനത്തിന്റെ ഉദാഹരണങ്ങളാണ്. മനുഷ്യജീവിതത്തെ ഒന്നായി ആവരണം ചെയ്തു നിൽക്കുന്ന നിയമങ്ങളുടെ ഒരു മഹാസമാഹാരമാണ് ശരീഅത്തെന്ന് ഇതിൽനിന്ന് വ്യക്തമാവും.

## അടിസ്ഥാനം

ശരീഅത്ത് അഥവാ ഇസ്‌ലാമിക നിയമം എവിടെ നിന്നുത്ഭവിക്കുന്നു അല്ലെങ്കിൽ അതിന്റെ ഉറവിടമേത് എന്ന പ്രശ്നം വളരെ പ്രാധാന്യമർഹിക്കുന്നു. പണ്ഡിതാഭിപ്രായങ്ങൾ ഉൾക്കൊള്ളുന്ന ഫിഖ്ഹു ഗ്രന്ഥങ്ങൾ ധാരാളമുണ്ട്. പല വിഷയങ്ങളിലും വ്യത്യസ്താഭിപ്രായങ്ങൾ വെച്ചുപുലർത്തുന്ന മദ്ഹബുകളും ധാരാളമുണ്ട്. ഇസ്‌ലാമിക ഗവൺമെന്റുകൾക്ക് ആലോചനാ സമിതികളും പാർലമെന്റും കോടതികളുമുണ്ടാകും. ലോകത്തുൽഭവിക്കുന്ന പുതിയ പ്രശ്നങ്ങൾക്കെല്ലാംപുതിയ പരിഹാരങ്ങൾ കാണണം. ഇങ്ങനെ ചിന്തിക്കുമ്പോൾ ഇസ്‌ലാമിക നിയമങ്ങളും മറ്റു നിയമസംഹിതകൾ പോലെ വലിയ ഒരളവോളം മനുഷ്യനിർമ്മിതമല്ലേ എന്നു സ്വാഭാവികമായും തോന്നാനിടയുണ്ട്. ഇതിന്റെ ഫലമായി, ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോ, വ്യത്യസ്തമായ പണ്ഡിതാഭിപ്രായങ്ങളോ ശരീഅത്ത് നിയമമല്ലെന്നും അതെല്ലാം പണ്ഡിതന്മാരുടെ ഇജ്തിഹാദ് മാത്രമാണെന്നും, ശരീഅത്ത് എന്നുപറയുന്നത് ഖുർആനിലും സുന്നത്തിലും വ്യക്തമാക്കിയ നിയമങ്ങൾ മാത്രമാണെന്നും ചില സദ്ബുദ്ധികൾതന്നെ വിശ്വസിക്കാറുണ്ട്. ഈ വിശ്വാസം ഒരർത്ഥത്തിൽ ശരിയാണെങ്കിലും മറ്റൊരർത്ഥത്തിൽ തികച്ചും അബദ്ധമാണ്. ഒരുദാഹരണം മുഖേന ഇക്കാര്യം വ്യക്തമാക്കാം. നെല്ലിനു സകാത്തുണ്ടോ? ഖുർആനിലും ഹദീസിലും അതിനെക്കുറിച്ച് പരാമർശമില്ലെന്നാണ് വെപ്പ്. അതിനാൽ സകാത്ത് ഉണ്ടെന്നും ഇല്ലെന്നും പണ്ഡിതാഭിപ്രായങ്ങളുണ്ട്. രണ്ടും ഒരേ സമയത്ത് ശരിയോ ശരീഅത്തോ ആവാൻ വയ്യ. എന്നാൽ രണ്ടും ശരീഅത്തല്ലെങ്കിൽ പിന്നെ ഈ വിഷയത്തിൽ പണ്ഡിതാഭിപ്രായം മാത്രമേയുള്ളൂ, ശരീഅത്തില്ല എന്നു വെക്കാമോ? അതിന്നും നിവൃത്തിയില്ലെന്നു വ്യക്തം. കാരണം ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ഉണ്ടെന്നും ഇല്ലെന്നും, ആണെന്നും അല്ലെന്നുമുള്ള രണ്ട് വിധികൾ ഒരേ അവസരത്തിൽ സത്യമാവുകയില്ല. അതേ അവസരത്തിൽ അവയിൽ ഏതെങ്കിലും ഒന്നു സത്യമാവാതിരിക്കാനും നിർവാഹമില്ല. എന്നാൽ ശരീഅത്ത് വിധികളെല്ലാം ഈ സ്വഭാവത്തിലുള്ളവയാണെന്ന പരമാർത്ഥം നാം ഗ്രഹിക്കേണ്ടതാണ്. ഉണ്ട് ഇല്ല, ആണ് അല്ല, വേണം വേണ്ട എന്നീ വിധികൾ മാത്രമാണ് ശരീഅത്തിലുള്ളത്. അതിനാൽ

ഏതു വിഷയത്തെക്കുറിച്ചും ശരീഅത്തിനു വിധിയുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. അത് ഒന്നുമാത്രമായിരിക്കുമെന്ന് വ്യക്തം. പക്ഷെ അതെന്താണെന്നുള്ള അന്വേഷണത്തിൽ തെളിവുകളുടെ അവ്യക്തതകൊണ്ടും ചിന്തിക്കുന്നവരുടെ സ്ഥിതിയനുസരിച്ചും പലരും പല നിഗമനത്തിലെത്തിയെന്നു വരാം. അങ്ങനെ വരുമ്പോൾ ശരിയെന്നു ബോധ്യപ്പെട്ടത് സ്വീകരിക്കേണ്ടത് മനുഷ്യന്റെ ധർമ്മമാണെന്ന് ശരീഅത്ത് പഠിപ്പിക്കുന്നു. പക്ഷെ അതാണ് സാക്ഷാൽ ശരീഅത്ത് വിധിയെന്നു പറയാൻ നിർവാഹമില്ലാത്തത്പോലെത്തന്നെ അത് ശരീഅത്ത് വിധിയല്ലെന്നും പറയാവതല്ല. ശരീഅത്തിന്നു പ്രസ്തുത വിഷയത്തിൽ വിധിയില്ലെന്നു വെക്കുന്നതാകട്ടെ അതിനേക്കാൾ അബദ്ധമാണ്.

ചുരുക്കത്തിൽ ശരീഅത്ത് വിധി കണ്ടെത്താൻ ശ്രമിക്കുകയാണ് പണ്ഡിതന്മാരുടെ ജോലി. നിയമം നിർമ്മിക്കുകയല്ല. ഇജ്തിഹാദെന്നു പറഞ്ഞാൽ ശരീഅത്ത് വിധി അഥവാ അല്ലാഹുവിന്റെ വിധി കണ്ടെത്താനുള്ള തീവ്രശ്രമം എന്നുമാത്രമാണർത്ഥം. ഈ വിഷയത്തിൽ മുസ്‌ലിംകൾക്കഭിപ്രായ വ്യത്യാസമില്ല. അതുകൊണ്ടുതന്നെ 'അല്ലാഹുവിനല്ലാതെ വിധിയില്ല' എന്ന തത്വത്തിൽ മുസ്‌ലിം പണ്ഡിതന്മാർ ഏകകണ്ഠമായി യോജിച്ചിരിക്കുന്നു. ശരീഅത്ത് വിധി കണ്ടെത്താനല്ലാതെ അത് നിർമ്മിക്കാൻ പണ്ഡിതന്മാർക്കോ വ്യക്തികൾക്കോ സമൂഹത്തിന്നോ പ്രവാചകന്നോ അധികാരമില്ലെന്നർത്ഥം.

## തെളിവുകൾ

ശരീഅത്ത് വിധി അല്ലാഹുവിന്റെ വിധിയാണെന്നും എല്ലാ വിഷയത്തിലും അത് അനിവാര്യമാണെന്നും വരുമ്പോൾ അവ മനസ്സിലാക്കാൻ സ്വാഭാവികമായ ചില മാർഗങ്ങളുണ്ടാകണം. പ്രസ്തുത മാർഗങ്ങളാണ് ശരീഅത്തിന്റെ തെളിവുകൾ. ശരീഅത്തിന്റെ തെളിവുകളായി മുസ്‌ലിംകൾ അംഗീകരിച്ചിരിക്കുന്നത് ഖുർആൻ, ഹദീസ്, ഖിയാസ്, ഇജ്മാഅ് എന്നീ നാല് അടിസ്ഥാനങ്ങളാണ്. ചുരുക്കിപ്പറഞ്ഞാൽ ശരീഅത്ത് വിധി ഗ്രഹിക്കാൻ രണ്ടു മാർഗമേയുള്ളുവെന്ന് സാരം. ഒന്ന് പ്രവാചകൻ പഠിപ്പിച്ചതിൽ നിന്നു വ്യവസ്ഥാപിതമായി മനുഷ്യൻ മനസ്സിലാക്കുക. ദൈവവിധി ഗ്രഹിക്കാൻ മൂന്നാമതൊരു മാർഗം അസംഭവ്യമായതുകൊണ്ട് ശരീഅത്തിന്ന് മറ്റു തെളിവുകളുണ്ടാവുക അസാധ്യമാണ്. ഖുർആൻ അല്ലാഹുവിന്റെ വചനമായതിനാൽ അത് അവന്റെ വിധി ഗ്രഹിക്കാനുള്ള ഒന്നാമത്തെ മാർഗ്ഗമാണെന്നു വ്യക്തം. അല്ലാഹുവിന്റെ വിധിവിലക്കുകളും ഇഷ്ടാനിഷ്ടങ്ങളും മനുഷ്യർക്ക് ഗ്രഹിക്കാൻ കഴിയാത്തതിനാൽ അത് പഠിപ്പിക്കാൻ വേണ്ടിയാണ് പ്രവാചകന്മാരെ അയക്കുന്നത്. അതിനാൽ പ്രവാചകൻ പഠിപ്പിക്കുന്നതും അല്ലാഹുവിന്റെ വിധി തന്നെ. ഖുർആൻ സ്വീകരിക്കുന്നത് പോലെ അതും തെളിവായി സ്വീകരിക്കുകയെന്നതാണ് പ്രവാചകത്വത്തിൽ വിശ്വസിക്കുന്നതിന്റെ അർത്ഥം. ഖുർആൻ പ്രസ്താവിക്കുന്നു: "ആർ പ്രവാചകനെ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെയാണനുസരിക്കുന്നത്."

"ഇല്ല നിന്റെ നാഥനാണ് സത്യം. തങ്ങൾക്കിടയിൽ പ്രശ്നമായിത്തീർന്ന വിഷയത്തിൽ നിന്റെ വിധി സ്വീകരിക്കുകയും അനന്തരം അതിനെക്കുറിച്ചു മനസ്സിൽ ക്ലേശമില്ലാതെ പൂർണമായും സമ്മതിച്ചു വിധേയരാവുകയും ചെയ്യുന്നതുവരെ അവർ സത്യവിശ്വാസികളാവുകയില്ല."

ഖിയാസ് എന്നാൽ ന്യായം എന്നാണർത്ഥം. ഖുർആനിലോ സുന്നത്തിലോ പഠിപ്പിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ അവയിൽ വ്യക്തമായിപ്പറയാത്ത കാര്യങ്ങൾ മനസ്സിലാക്കുന്നതിന്നാണ് ഖിയാസ് എന്നു പറയുന്നത്. ശരീഅത്ത് പഠിപ്പിച്ച അളവുകോൽ ഉപയോഗിച്ച് കാര്യങ്ങൾ ഗ്രഹിക്കുക എന്നർത്ഥം. മാതാപിതാക്കളോട് അയ്യേ എന്നു പറയരുതെന്ന് ഖുർആൻ പറയുമ്പോൾ അവരെ ഒരു വിധത്തിലും ഉപദ്രവിക്കുകയോ അനാദരിക്കുകയോ ചെയ്യരുതെന്നും ഗോതമ്പിന് സകാത്ത് വേണമെന്ന് നബി പഠിപ്പിക്കുമ്പോൾ നെല്ലിനും സകാത്ത് വേണമെന്നും ഗ്രഹിക്കുന്നതാണ് ഖിയാസിന്റെ ഉദാഹരണം. ശരീഅത്തിന്റെ താല്പര്യം മനസ്സിലാക്കുകയെന്നേ ചുരുക്കത്തിൽ ഖിയാസിന്നർത്ഥമുള്ളൂ. ചില പണ്ഡിതന്മാർ ഖിയാസ് എന്നതിനു പകരം ഇജ്തിഹാദ് (വിചക്ഷണം), ഇസ്തിൻബാത്ത് എന്നീ പദങ്ങൾ ഉപയോഗിച്ചതിന്നു കാരണമതായിരുന്നു. മറ്റു ചിലർ അങ്ങനെ ഒരു തെളിവിന്റെ ആവശ്യമില്ലെന്നും തെളിവ് ഖുർആനും സുന്നത്തും മാത്രമാണെന്നും അവയിൽനിന്ന് കാര്യം ഗ്രഹിക്കുക എന്നത് വ്യത്യസ്തമായ ഒരു തെളിവല്ലെന്നും വാദിക്കാനുണ്ടായ കാരണവും അതുതന്നെ.

ഇജ്മാഅ് എന്ന തെളിവിന്റെ സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമല്ല. ഖുർആനിൽനിന്നും ഹദീസിൽനിന്നും ഒരു കാര്യം ഗ്രഹിക്കുന്നതിൽ പണ്ഡിതന്മാർ ഏകോപിക്കുക എന്നേ ഇജ്മാഅ് എന്നതിനർത്ഥമുള്ളൂ. ഒരാളുടെ രോഗം ഇന്നതാണെന്നു വൈദ്യശാസ്ത്രസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരെല്ലാം തീരുമാനിക്കുന്ന പക്ഷം അതുകൊണ്ട് വൈദ്യശാസ്ത്രത്തിൽ പുതുതായൊന്നും ഉണ്ടാകുന്നില്ല. അപ്രകാരം തന്നെ ശരീഅത്തിൽനിന്ന് ഒരു വിധി മനസ്സിലാക്കുന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചാൽ അതാണ് ശരീഅത്തിന്റെ താൽപര്യമെന്ന് സ്വാഭാവികമായും ബോധ്യമാവുമെന്നല്ലാതെ അതുകൊണ്ട് ശരീഅത്തിൽ പുതിയ ഒരു നിയമം ഉണ്ടാകുന്നില്ല. ഒരാൾക്ക് ആത്മാർഥമായി മനസ്സിലാകുന്നത് അയാൾക്ക് തെളിവാകുന്നതുപോലെ സമൂഹത്തിന്നും തെളിവാകുന്നുവെന്ന് മാത്രം. മനസ്സിലാക്കുന്നത് ഖുർആനിൽനിന്നും സുന്നത്തിൽനിന്നുമായതിനാൽ അടിസ്ഥാനം അല്ലാഹുവിന്റെ വിധി തന്നെ. ചുരുക്കത്തിൽ ശരീഅത്തിൽ സ്വതന്ത്രമായ നിയമനിർമാണത്തിനു വ്യക്തികൾക്കധികാരമില്ലാത്തതുപോലെതന്നെ സമൂഹത്തിന്നും അധികാരമില്ല. ശരീഅത്ത് വിധികൾ ഖുർആനിൽനിന്നും സുന്നത്തിൽനിന്നും മനസ്സിലാക്കാൻ മാത്രമേ ആർക്കും അധികാരമുള്ളൂ. ഇക്കാര്യത്തിൽ മുസ്‌ലിം ലോകത്തിനു ഭിന്നാഭിപ്രായമില്ല.ഇസ്‌ലാമിന്റെ മൗലികതത്വങ്ങളിൽ വിശ്വസമുള്ള ഒരാൾക്കും അതിൽ ഭിന്നാഭിപ്രായമുണ്ടാകാൻ അവകാശമില്ല. സ്വതന്ത്രമായി നിയമനിർമാണം നടത്തിയ ജൂതക്രിസ്ത്യാനികളെയും മുശ്‌രിക്കുകളെയും നിശിതമായി ആക്ഷേപിക്കുകയും, പ്രസ്തുത നിയമങ്ങൾ അംഗീകരിക്കുന്നവർ അവരെ ദൈവങ്ങളാക്കുകയാണ് ചെയ്യുന്നതെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ഖുർആൻ പ്രസ്തുത മാർഗം എന്നേക്കുമായി അടച്ചു ബന്ധിച്ചിരിക്കയാണ്.

## വ്യാപ്തിയും സ്ഥിരതയും

മനുഷ്യജീവിതത്തിന്റെ വ്യക്തിപരവും സാമൂഹ്യവുമായ എല്ലാ വശങ്ങളെയും മനുഷ്യന്റെ മാനസികവും ശാരീരികവുമായ മുഴുവൻ കർമങ്ങളെയും ബാധിക്കുന്ന നിയമങ്ങളുടെ സമാഹാരമാണ് ശരീഅത്തെന്നും അവയിലൊന്നിനെക്കുറിച്ചും മനുഷ്യനിർമ്മിതമായ നിയമങ്ങൾ അതംഗീകരിക്കുന്നില്ലെന്നും വരു

മ്പോൾ ശരീഅത്തിന്റെ വ്യാപ്തി എത്രയാണെന്നു ഊഹിക്കാവുന്നതാണ്. അപ്രകാരം തന്നെ ഇത്ര വിപുലവും സമഗ്രവുമായ നിയമസംഹിതയും ലോകത്ത് വേറെയില്ലെന്നും ഉണ്ടാവുക സാധ്യമല്ലെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. കാരണം മനുഷ്യജീവിതത്തെയഖിലം അടക്കി ഭരിക്കാനും നിയന്ത്രിക്കാനുമുള്ള അവകാശമോ കഴിവോ ജ്ഞാനമോ ദൈവത്തിനല്ലാതെ മറ്റാർക്കെങ്കിലുമുണ്ടെന്നു വ്യാജമായിട്ടു പോലും ഇന്നുവരെ ലോകത്താരും വാദിച്ചിട്ടില്ല. അതിനാൽ ഒന്നുകിൽ ചില സാമൂഹ്യകാര്യങ്ങളോ അല്ലെങ്കിൽ ചില സാമ്പത്തിക വിഷമങ്ങളോ മാത്രം ഭാഗികമായി നിയന്ത്രിക്കാനുള്ള ചില്ലറ നിയമങ്ങൾ മാത്രമാണ് അനർഹമായിട്ടെങ്കിലും മനുഷ്യൻ സ്വന്തമായി നിർമ്മിക്കാറുള്ളത്. അവതന്നെ പലപ്പോഴും ലക്ഷ്യത്തിനുപകരിക്കാത്തവയോ പരസ്പരവിരുദ്ധമോ, തെറ്റോ ആയതിനാൽ പല പ്രാവശ്യം മാറ്റേണ്ടതായും എടുത്തുകളയേണ്ടതായും വരാറുണ്ട്. മദ്യം, പരസ്ത്രീ സമ്പർക്കം, പലിശ, ചൂതാട്ടം തുടങ്ങിയ പലതും മനുഷ്യനിർമ്മിത നിയമപ്രകാരം പല സ്ഥലത്തും പല കാലത്തും പലർക്കും നിഷിദ്ധമാണെന്നും അനുവദനീയമാണെന്നുമുള്ള രണ്ട് വിധികൾ നമുക്കറിയാം. അതേ അവസരത്തിൽ പ്രസ്തുത വിഷയങ്ങളെക്കുറിച്ചുള്ള ശരീഅത്ത് വിധി അതിന്റെ അവതരണം മുതൽ ഇന്നുവരെ എല്ലാ പരിതസ്ഥിതിയിലും സ്ഥിരമായി നിലകൊള്ളുന്നു.

മനുഷ്യനിർമ്മിത നിയമങ്ങൾ പരിമിതമായ വിഷയങ്ങളെ മാത്രം ബാധിക്കുന്നവയാണെന്ന പോലെ സ്ഥലകാല പരിമിതിയും അവയുടെ സ്വഭാവമാണെന്നു ഇതിൽനിന്നു തെളിയുന്നു.

എന്നാൽ ശരീഅത്താകട്ടെ പ്രസ്തുത രണ്ട് പരിമിതികൾക്കും അതീതമാണെന്നു പരിശോധിച്ചാൽ കാണാം. ഇസ്‌ലാമിക പണ്ഡിതന്മാർ ശരീഅത്ത് നിയമങ്ങൾ രേഖപ്പെടുത്തി വെച്ച ഫിഖ്ഹ് ഗ്രന്ഥങ്ങളിലും ഹദീസുശേഖരങ്ങളിലും ആയിരക്കണക്കിലും പതിനായിരക്കണക്കിലും അധ്യായങ്ങളുണ്ട്. ഓരോ അധ്യായങ്ങളിലും ധാരാളക്കണക്കിൽ ഉപനിയമങ്ങളുണ്ട്. അവയിൽ ഒന്നുപോലും സ്വതന്ത്രമായ അഭിപ്രായങ്ങളോ കേവലം മനുഷ്യചിന്തയോ ആണെന്നു ഒരു പണ്ഡിതനും വാദിച്ചിട്ടില്ല. മറിച്ച് അവയിൽ ഓരോന്നും ഖുർആനിലും സുന്നത്തിലും വ്യക്തമാക്കിയതോ മുൻപ്രസ്താവിച്ച സുസ്ഥിരമായ മാർഗങ്ങളിലൂടെ അവയിൽനിന്നു മനസ്സിലാക്കിയതോ മാത്രമാണ്. അവ ഏതെങ്കിലും കാലത്തേക്കോ പരിതസ്ഥിതികൾക്കോ മാത്രം ബാധകമായതല്ലെന്നും അവിതർക്കിതമായ പരമാർത്ഥമാണ്. ചുരുക്കത്തിൽ ശരീഅത്തിൽ വിശ്വസിക്കുന്ന ഒരു വ്യക്തിക്കും അതിന്റെ സമഗ്രവും സാർവ്വത്രികവും ശാശ്വതത്വവും അംഗീകരിക്കാതിരിക്കാൻ നിർവ്വാഹമില്ല.

പക്ഷെ ഒരു കാര്യം മാത്രമുണ്ട്. ആയിരമായിരം സൂക്ഷ്മമായ പ്രശ്നങ്ങൾ ശരീഅത്തിന്റെ കണ്ണാടിയിലൂടെ നോക്കിക്കാണുമ്പോൾ സ്വാഭാവികമായും ചില പാകപ്പിഴകൾ സംഭവിക്കാം. വളരെ ചെറിയ ഒരു ശതമാനം പണ്ഡിതാഭിപ്രായങ്ങൾ അങ്ങനെയുണ്ട്. അവ ശരീഅത്തല്ലെങ്കിലും തൽസ്ഥാനങ്ങളിലെല്ലാം ശരീഅത്ത് നിയമം വേറെയുണ്ടെന്നതിൽ സംശയമില്ല.

## ശരീഅത്ത് നിയമം പുതിയ അർത്ഥത്തിൽ

ശരീഅത്ത് സമ്പൂർണ്ണവും സമഗ്രവും സ്ഥിരവും സ്ഥലകാലങ്ങൾക്കതീതവുമായ ദൈവിക നിയമ സംഹിതയാണെന്നു മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നു വ്യക്തമാണ്. ശരീഅത്തെന്നു പറഞ്ഞാൽ തന്നെ സമഗ്രമായ ഒരു നിയമസംഹിതയാണെന്നു വരുമ്പോൾ "ശരീഅത്ത് നിയമ" മെന്ന പ്രയോഗം തന്നെ 'ഗൈറ്റ് വാതിൽ' പോലെ രസകരമാണെന്നു കാണാം. എന്നാൽ ശരീഅത്ത് നിയമമെന്നു പറയുമ്പോൾ സാധാരണക്കാർക്കുണ്ടാകുന്ന ഭാവന അതിനേക്കാൾ രസകരമാണ്. ഭൗതിക തത്വത്തിന്റെയും ഭൗതികന്മാരുടെയും കടന്നാക്രമണം മൂലം മുസ്‌ലിം ജനത ഇസ്‌ലാമിൽനിന്നു ബഹുദൂരം അകലുകയും സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽനിന്നെല്ലാം ഇസ്‌ലാം ബഹിഷ്കരിക്കപ്പെടുകയും ചെയ്തപ്പോൾ ആർക്കും ഒരു വിരോധവുമില്ലെന്നു തോന്നിയ രണ്ടു മൂന്നു കാര്യങ്ങളിൽ മാത്രം ദൈവത്തിന്റെ നിയമം തന്നെ മുസ്‌ലിംകൾ സ്വീകരിച്ചുകൊള്ളട്ടെ എന്നു അധികാരസ്ഥന്മാരായ യജമാനന്മാർ സദയം അനുവദിക്കുകയുണ്ടായി. നിയമ നിർമ്മാണത്തിൽ ദൈവത്തിന്റെ സ്ഥാനം ഏറ്റെടുത്ത പ്രസ്തുത യജമാനന്മാർ ഇന്ത്യയിൽ കനിഞ്ഞരുളിയ ആ അനുവാദം വൈവാഹികം, അനന്തിരാവകാശം, വഖ്ഫ് എന്നീ മൂന്നു വിഷയങ്ങളിൽ പരിമിതമാണെന്നു വരുമ്പോൾ അത് ഇസ്‌ലാമിക ശരീഅത്തിന്റെ ഒരു ശതമാനം പോലും ഇല്ലെന്ന് ഓർക്കേണ്ടതുണ്ട്. ഏറ്റവും തുഛമായ ഈ ഇളവനുവദിച്ച ബ്രിട്ടീഷ് യജമാനന്മാർ അതിന് അവജ്ഞാപൂർവം നല്കിയ നാമം മുഹമ്മദൻലോ (മുഹമ്മദീയ നിയമം) എന്നായിരുന്നു. പിന്നീടതിന് മുസ്‌ലിം പേർസനൽ ലോ (മുസ്‌ലിം വ്യക്തി നിയമം) എന്നു പേരുണ്ടായി. ഇവിടെ രണ്ട് കാര്യങ്ങൾ വ്യക്തമാണ്. ഒന്നു ഇസ്‌ലാമിക നിയമം എന്നു പറയാനുള്ള അവജ്ഞ. രണ്ട് മതം മനുഷ്യനും ദൈവവുമായുള്ള സ്വകാര്യ ഇടപാടും അതിനോട് ബന്ധപ്പെട്ടതെല്ലാം വ്യക്തിപരവുമാണെന്ന പുഛഭാവം. പ്രസ്തുത മൂന്നു വിഷയത്തെക്കുറിച്ച് അന്ന് ക്രോഡീകരിച്ചുവെച്ച ചില നിയമങ്ങളുണ്ട്. അവയാണ് ഇന്ന് ശരീഅത്ത് നിയമം എന്ന പ്രയോഗംകൊണ്ടുദ്ദേശിക്കപ്പെടുന്നത്. ആയിരക്കണക്കിൽ അധ്യായങ്ങളുള്ള ശരീഅത്തിന്റെ മൂന്നധ്യായങ്ങൾക്ക് ശരീഅത്തു നിയമം എന്ന പേരുകൊടുക്കുമ്പോൾ അത് ഒരു തുള്ളി വെള്ളത്തിനു സമുദ്രമെന്നു പറയുന്നപോലെ അർത്ഥശൂന്യമാണെന്നത് വളരെ വ്യക്തമാണ്. പക്ഷെ നമ്മുടെ ശരീഅത്ത് ഇന്നും നമുക്കുണ്ട് എന്നാണ് പാവപ്പെട്ട മുസ്‌ലിം സാമാന്യജനങ്ങൾ സമാധാനിച്ചിരിക്കുന്നത്. ലോകത്ത് ഒരധികാരവുമില്ലാത്ത ചില ഖാസിമാരും ഖത്തീബുമാരും കൈകാര്യം ചെയ്യുന്ന പെണ്ണുകെട്ടലും പെണ്ണുതീർക്കലും മരിച്ചാൽ സ്വത്തു ഭാഗിക്കലുമാണ് ഇന്നു ഇസ്‌ലാമിന്റെ അതിമഹത്തായ ശരീഅത്തെന്നർഥം. വഖ്ഫാകട്ടെ ഭൂനിയമം മുഖേന ക്രൂശിക്കപ്പെട്ടിരിക്കയാണ്. ഇതിനേക്കാൾ അപഹാസ്യമായ ഒരവസ്ഥ എനിയെന്തു വരാനുണ്ട്?

## ഭേദഗതി വാദം

മേൽപ്പറഞ്ഞ അവശിഷ്ട ശരീഅത്ത് നിയമം തന്നെ ഭേദഗതി ചെയ്യേണമോ എന്നത് ഇന്നു ഒരു തർക്കവിഷയമായിരിക്കയാണ്. എന്നാൽ ഈ തർക്കത്തിന്റെ കഥ പറഞ്ഞാൽ അതും ബഹുരസമാണ്. ഒന്നാമതായി, വേണമെന്നു വാദിക്കുന്നവർ തന്നെ പല തരക്കാരാണ്. ലോകത്തുനിന്ന് ഇസ്‌ലാമും അതിനോട് ബന്ധപ്പെട്ട എല്ലാ സവിശേഷതകളും തൂത്തുകളയാൻ ആദ്യം മുതൽക്കേ പ്രവർത്തിച്ചു പോരുന്ന ഭൗതിക സാമ്രാജ്യ ശക്തികളുടെ ശിഷ്യന്മാരാണ് ഒരു വിഭാഗം. ഇന്ത്യയിൽ ഇസ്‌ലാമിന്റേതായ ഒന്നും അവശേഷി

ക്കാൻ പാടില്ലെന്ന വാശിക്കാരാണ് മറ്റൊരു വിഭാഗം. ഇസ്‌ലാമിന്നെതിരിൽ ആസൂത്രിതമായി നടത്തപ്പെട്ട പ്രചാരവേലയിൽ കുടുങ്ങി ഇസ്‌ലാമിക നിയമങ്ങളിൽ പലതും കാലോചിതമല്ലെന്നു ധരിച്ചുവശായ മുസ്‌ലിം പാവങ്ങളാണ് മൂന്നാം വിഭാഗം. അവശിഷ്ട ശരീഅത്ത് ശകലം ചില ഫിഖ്ഹു ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ എഴുതപ്പെട്ടതും, ഇസ്‌ലാമിനെക്കുറിച്ച് അധികമൊന്നും പഠിച്ചിട്ടില്ലാത്ത നിയമജ്ഞരുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെട്ടതുമായതിനാൽ അവയിൽ ചില ഭാഗങ്ങൾ ശരീഅത്തിനോട് യോജിക്കാത്തവയാണെന്നും അവ മാത്രം ശരീഅത്തിനോട് യോജിച്ചവിധം മാറ്റണമെന്നുമാഗ്രഹിക്കുന്ന മുസ്‌ലിംകളാണ് അവസാനത്തെ വിഭാഗം.

അവസാനം പറഞ്ഞ വിഭാഗം മാത്രമാണ് യഥാർഥത്തിൽ ശരീഅത്തിലെ അവശിഷ്ട ഭാഗങ്ങളെങ്കിലും നിലനിൽക്കണമെന്നാഗ്രഹിക്കുന്നവർ. അതിൽ ശരീഅത്തിനു യോജിച്ചവിധം വേണ്ടുന്ന പരിഷ്കരണം വേണമെന്നു മാത്രമാണവരുടെ ആവശ്യം. മറ്റു വിഭാഗങ്ങളെല്ലാം ഒന്നുകിൽ ശരീഅത്തു തന്നെ ഇഷ്ടപ്പെടാത്തവരും പഴഞ്ചനാണെന്നു വിചാരിക്കുന്നവരും അതിന്റെ 99 ശതമാനവും എടുത്തുപോയ പ്രകാരം അവശേഷിക്കുന്ന ഒരു ശതമാനംകൂടി പോയിക്കഴിഞ്ഞാൽ ആശ്വാസമായെന്നു കരുതുന്നവരുമാണ്. അപ്പോൾ പരസ്പര വിരുദ്ധങ്ങളായ രണ്ടു പ്രമേയങ്ങൾ മാത്രമാണിവിടെയുള്ളതെന്നു കാണാം. ഒന്ന്, ശരീഅത്ത് തന്നെ എടുത്തുകളയുകയോ അല്ലെങ്കിൽ മനുഷ്യചിന്തക്കനുസരിച്ച് അതിൽ മാറ്റം വരുത്തുകയോ ചെയ്യണം. രണ്ട്, ശരീഅത്ത് നിയമത്തിൽ ഒരു ഭേദഗതിയും പാടില്ല; ശരീഅത്ത് വിധിയോടു യോജിക്കാത്ത കാര്യങ്ങൾ അതിന്നു യോജിച്ചവിധമാക്കുകയാണു വേണ്ടത്. ഇവയിൽ ഒന്നാം പ്രമേയം അവജ്ഞാപൂർവ്വം തള്ളപ്പെടേണ്ടതാണെന്നും രണ്ടാം പ്രമേയം സർവ്വാത്മനാ സ്വീകരിക്കപ്പെടേണ്ടതാണെന്നും ശരീഅത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് മുമ്പ് പ്രസ്താവിച്ച വസ്തുതകൾ മുമ്പിൽവെച്ചു ചിന്തിക്കുന്ന ഏതൊരാൾക്കും ബോധ്യമാവും. പ്രസ്തുത യാഥാർഥ്യങ്ങൾ അംഗീകരിക്കാത്തവരാണെങ്കിൽ ഇസ്‌ലാമിന്റെ അടിസ്ഥാനം തന്നെ അംഗീകരിക്കാത്തവരാണെന്നു വ്യക്തമാണ്. അവർ ശരീഅത്തു നിയമത്തിലെ ചില ഭാഗങ്ങളിൽ ഭേദഗതി വേണമെന്ന വാദത്തിനു പകരമായി ഇസ്‌ലാം തന്നെ സ്വീകാര്യമല്ലെന്നും അതുപേക്ഷിക്കേണ്ടതാണെന്നും തുറന്നു പ്രഖ്യാപിക്കുകയാണ് വേണ്ടത്. പള്ളിതന്നെ വേണ്ടെന്നു വിശ്വസിക്കുന്നവർ അതിന്റെ ജനലിനെക്കുറിച്ച് തലപുകഞ്ഞാലോചിക്കേണ്ട കാര്യമില്ലല്ലോ.

●